കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല-എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്- "ഗ്രാമവികസന പഠനകേന്ദ്രം" നിർമ്മിക്കുന്നതിന് പഞ്ചായത്ത് വക കളി സ്ഥലത്തിൽ 39 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്

സ.ഉ (സാധാ)നം. 637/2013/തസ്വഭവ    തീയതി, തിരുവനന്തപുരം 14-3-2013

---

പരാമർശം: 1) എലപ്പുള്ളി ഗ്രാമ പഞ്ചായത്തിന്റെ 25/1/2013 ലെ മൂന്നാം നമ്പർ തീരുമാനം

2)എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 30/1/2013 ലെ എ5 8627/11 നമ്പർ കത്ത്

3) പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 26/2/2013 ലെ ഇ 5 1000/13 നമ്പർ കത്ത്

ഉത്തരവ്

എലപ്പുള്ളി ഗ്രാമ പഞ്ചായത്തിൽ "ഗ്രാമ വികസന പഠനകേന്ദ്രം" നിർമ്മിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് വക എലപ്പുള്ളി വില്ലേജ് ബ്ളോക്ക് 39, സർവെ 372/3 ൽപ്പെട്ട 1.39 ഏക്കർ കളി സ്ഥലത്തുനിന്നും 39 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കുകയും പരാമർശം (2) പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആയതിനുള്ള അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. ഗ്രാമ പഞ്ചായത്ത് തീരുമാനത്തിന് അനുമതി നല്കാവുന്നതാണെന്ന് പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമ വികസന പഠനകേന്ദ്രം നിർമ്മിക്കുന്നതിന് എലപ്പുള്ളി ഗ്രാമ പഞ്ചായത്ത് വക എലപ്പുള്ളി വില്ലേജ് ബ്ളോക്ക് 39, സർവെ 372/3 ൽപ്പെട്ട 1.39 ഏക്കർ കളി സ്ഥലത്തിലെ 39 സെന്റ് സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ.ആർ. സുരേശൻ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട്, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ എ.ജി(എൽബിഎ&എ) കേരള, തിരുവനന്തപുരം
സെക്രട്ടറി , എലപ്പുള്ളി ഗ്രാമ പഞ്ചായത്ത്, പാറ,എലപ്പുള്ളി പിഒ , പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.